# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1305** 02-03-2017-ൽ മറുപടി നൽകേണ്ടത്

## പഠനാവശ്യത്തിന് എത്തുന്ന വിദേശ വിദ്യാർത്ഥികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പഠനാവശ്യത്തിന് ഇൻഡ്യയിലേക്കുള്ള വിദേശവിദ്യാർത്ഥികളുടെ വരവ് ഗണ്യമായി വർദ്ധിക്കുമ്പോഴും കേരളത്തിലേക്കുള്ള ഇവരുടെ വരവ് നാമമാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യ മാക്കുമോ; | എ) ഇല്ല. മലയാള സർവ്വകലാശാല ട്യൂബിംഗൻ സർവ്വകലാശാലയിൽ സ്ഥാപിച്ച ഗുണ്ടർട്ട് ചെയറിന്റെ ഭാഗമായി 2016 വർഷം മൂന്ന് വിദ്യാർത്ഥികൾ മലയാള സർവ്വകലാശാലയിൽ വിദ്യാഭ്യാസത്തിനായി എത്തിയിട്ടുണ്ട്.<br><br>ന്യൂവാൽസിൽ വിദേശ സർവ്വകലാശാലകളുമായി വിദ്യാർത്ഥികളുടെ പരസ്പര കൈമാറ്റത്തിനുള്ള ഉടമ്പടി ഉണ്ടായിരുന്നു. |

| | |
|---|---|
| | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പ്രതി വർഷം അഞ്ചിൽതാഴെ വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി വരുന്നു.<br><br>എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിൽ 9 വിദേശ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാ ശാലയിൽ പഠനം നിർവ്വഹിക്കുന്ന വിദേശികളായ വിദ്യാർത്ഥികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു (അനുബന്ധം-1)<br><br>കാലിക്കറ്റ് സർവ്വകലാശാലയി ലും, സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജിലും പ്രവേശനം നേടി യിട്ടുള്ള വിദേശ വിദ്യാർത്ഥി കളുടെ എണ്ണം താഴെ നൽകുന്നു. |

| | |
|---|---|
| | 2011-12 16<br>2012-13 18<br>2013-14 21<br>2014-15 18<br>2015-16 20<br>2016-17 14 |
| ബി) 160 എഞ്ചിനീയറിംഗ് കോളേജ്ജ കളുള്ള കേരളത്തിൽ വിദേശ വിദ്യാർത്ഥി കളുടെ എണ്ണം വെറും 13 മാത്രമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) വിദേശ മന്ത്രാലയം വഴി ഈ അധ്യയന വർഷം എഞ്ചിനീയറിംഗ് പഠന ത്തിനപേക്ഷിച്ച 124 വിദ്യാർത്ഥികളിൽ ഒരാൾ പോലും കേരളത്തെ ഓപ്റ്റ് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണിതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്; | (സി) ഉണ്ട്. ഈ അദ്ധ്യയന വർഷം ഐ. സി. സി. ആർ മുഖേന കൊച്ചി സർവ്വകലാ ശാലയിൽ ലഭിച്ച 31 അപേക്ഷ കളിൽ 12 പേർ യോഗ്യരായി രുന്നുവെങ്കിലും ആരും പ്രവേശനം സ്വീകരിച്ചില്ല. ഇവരിൽ പല രുടേയും ആദ്യ പരിഗണനയി ലുള്ള കോഴ്സുകൾ ഈ സർവ്വകലാ ശാലയിൽ ലഭ്യമായിരുന്നില്ല. |
| (ഡി) കൊച്ചിയിൽ നിന്ന് മാത്രം പ്രതിവർഷം 5800-ൽ പരം വിദ്യാർത്ഥി കൾ പഠനാവശ്യത്തിനായി വിദേശത്ത് | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | |
|---|---|
| പോവുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | |
| (ഇ) വിദേശ വിദ്യാർത്ഥികളെ കൂടുതലായി സംസ്ഥാനത്തേക്കാകർഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രധാനമായും രണ്ട് മേഖലകളിലാണ് നടപടി സ്വീകരിക്കുന്നത്.<br>1.അടിസ്ഥാന സൗകര്യങ്ങളുടെ വികസനം:-<br>വിദേശ വിദ്യാർത്ഥികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഹോസ്റ്റൽ ഇല്ലാത്തതാണ് കൊച്ചി സർവ്വകലാശാലയുടെ പ്രധാന പോരായ്മ. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ മുൻകൂട്ടി മനസ്സിലാക്കിയിട്ടാണ് പല വിദേശ വിദ്യാർത്ഥികളും കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ ഇപ്പോൾ ഒഴിവാക്കുന്നത്. നിലവിൽ ഈ സർവ്വകലാശാലയിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികൾ പരിമിതമായ സൗകര്യങ്ങളുമായി ഒത്തുപോകുന്ന വികസ്വര രാജ്യങ്ങളിൽ നിന്നുള്ളവർ മാത്രമാണ് |

| | |
|---|---|
| | എന്നുള്ളത് തികച്ചും ശ്രദ്ധേയമായ കാര്യമാണ്.<br><br>2. സർവ്വകലാശാലയെ വ്യക്തമായ രീതിയിൽ മാർക്കറ്റ് ചെയ്യൽ:-<br><br>ടൈംസ് ഹയർ എഡ്യൂക്കേഷൻ പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും മികച്ച സർവ്വകലാ ശാലകളുടെ ലിസ്റ്റിൽ ഇടം പിടിച്ച കേരളത്തിൽ നിന്നുള്ള ഏക സർവ്വകലാശാലയായ കൊച്ചി സർവ്വകലാശാലയെ വിദേശ വിദ്യാർത്ഥികൾക്കിടയിൽ മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വിദേശ വിദ്യാർത്ഥികൾക്ക് ഉപകാര പ്രദമായ വിധത്തിൽ സംസ്കൃതത്തിൽ വിവിധ കോഴ്സുകൾ (MOOC) ആവിഷ്കരിക്കുവാൻ ഉള്ള |

| | |
|---|---|
| | നടപടികൾ പരിഗണനയിലാണ്. വിദേശ വിദ്യാർത്ഥികളെ കൂടുതലായി കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയായ ഇന്റർനാഷണൽ റിലേഷൻസ് ഗ്രൂപ്പിന്റെ ഭാഗമായി പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾക്ക് 39.40 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>സർവ്വകലാശാലകളിലെ തുല്യതാ സർട്ടിഫിക്കറ്റ് കാര്യത്തിൽ വിദേശ വിദ്യാർത്ഥികൾക്ക് ഒരു പ്രത്യേക അഡ്മിഷൻ കമ്മറ്റി ഓരോന്നും പ്രത്യേകമായി പരിഗണിച്ച് അഡ്മിഷൻ വേഗത്തിലാക്കുവാനും വിദേശ വിദ്യാർത്ഥികളുടെ അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ വേഗത്തിൽ നടത്തി |

| | |
|---|---|
| | ക്കൊടുക്കുവാൻ ഒരു ഏകജാലക സംവിധാനം യൂണിവേഴ്സിറ്റി അഡ്മി നിസ്ട്രേഷനിൽ സ്ഥാപിക്കുവാനും വിദേശ വിദ്യാർത്ഥികളുടെ ഡിഗ്രി മറ്റ് സർട്ടിഫിക്കറ്റുകൾ റിസൾട്ട് വന്ന് ഒരാഴ്ചക്കകം ലഭ്യമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുവാനും വിദേശ വിദ്യാർത്ഥികൾക്കായി സ്വയം ഭക്ഷണം പാചകം ചെയ്യുവാൻ (ഒരു നിലയിൽ ഒരു കിച്ചൺ) സംവിധാനത്തോടുകൂടി പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഉറപ്പാക്കുവാനും അഡ്മിഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഓൺലൈനായി ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുവാനും വെബ്സൈറ്റിൽ വിവിധ കോഴ്സുകളെപ്പറ്റിയുള്ള വിശദമായ ബ്രോഷർ അപ്പ് ലോഡ് ചെയ്യുവാനും വിദേശ വിദ്യാർ ത്ഥികൾ എപ്പോൾ വേണമെങ്കിലും അഡ്മിഷൻ ആപ്ലിക്കേഷൻ കൊടു ക്കുവാനുള്ള സൗകര്യം ലഭ്യ മാക്കുവാനും ക്രഡിറ്റ് ട്രാൻസ്ഫറി |

| | |
|---|---|
| | നുള്ള സൗകര്യം അക്കാദമിക് വിഭാഗം സ്ഥാപിക്കുവാനും കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, കാലാവസ്ഥ, ഗ്രീൻ എൻവയോൺമെന്റ് അടങ്ങിയ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന ആശയം ഉയർത്തി കാണിക്കാനുള്ള നടപടികൾ കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>കാലിക്കറ്റ് സർവ്വകലാശാലയിൽ വിദേശ വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുന്നതിനായി അവരുടെ അഡ്മിഷൻ മുതൽ കോഴ്സ് പൂർത്തീകരണം വരെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കാൻ സർവ്വകലാശാലയിൽ ഏക ജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാല കാമ്പസ്സിൽ വിദേശ വിദ്യാർത്ഥികൾക്ക് മാത്രമായി ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റൽ സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| | വിദേശവിദ്യാർത്ഥികളുടെ പരീക്ഷാനടത്തിപ്പ്, റിസൾട്ട് പുറത്ത് വിടൽ, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ വേഗത്തി ലാക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്.<br>എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല കോഴ്സുകളെ ഏകീകരിക്കുന്ന-തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) കേരളത്തിലെ കുട്ടികൾക്ക് ലോക നിലവാരത്തിലുള്ള ഉന്നത പഠനം സംസ്ഥാനത്ത് തന്നെ ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) കേരളത്തിൽ കുട്ടികൾക്ക് ലോകനിലവാരത്തിലുള്ള ഉന്നത നിയമപഠനം സംസ്ഥാനത്ത് തന്നെ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി നുവാൽസ് ബൃഹ ത്തായ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.<br>ലോകനിലവാരത്തിലുള്ള ഉന്നത പഠനം കൊച്ചിസർവ്വകലാശാല യിൽ നിലവിൽ ലഭ്യമാണ്. എങ്കിലും പ്രൊമോഷണൽ പ്രവർ ത്തനങ്ങൾ നടത്തേണ്ടതുണ്ട്. വിദേശ സർവ്വകലാശാല |

| | |
|---|---|
| | പ്രതിനിധികൾ കേരളത്തിൽ ഈ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നുണ്ട്. മാത്രമല്ല, പഠനത്തിനുശേഷമുള്ള മികച്ച ജോലി സാധ്യതയും വിദേശത്താണ് കൂടുതലായുള്ളത്.<br>എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ കോഴ്സുകളുടെ അന്താ രാഷ്ട്ര തലത്തിലുള്ള നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസരംഗം ലോക നിലവാരമുള്ളതാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും പോളിടെക്നിക്ക് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനും അക്രഡിറ്റേഷൻ നേടാനും വേണ്ടിയുള്ള നടപടികൾ |

| | |
|---|---|
| | കർമ്മ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തുന്നതിനായി കാലാകാലങ്ങളിൽ യുജിസിയും ഗവൺമെന്റും നൽകുന്ന നിർദ്ദേശ ങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

**MAHATMA GANDHI UNIVERSITY**
**University Centre for International Co-operation (UCIC)**
**P.D. Hills P.O., Kottayam, Kerala-686560**

**List of Foreign Students Studying at Mahatma Gandhi University through the ICCR Sponsored Cultural Exchange Schemes / Exchange Scholars / MoU during 2015-2016**

| Sl. No. | Name of the Student | Country | | Course and scheme | College/School |
|---|---|---|---|---|---|
| | | | 2016 - 2016 | | |
| 1 | Mr. El. Hadji Mansour Sakho | Senegal | | Ph.D. (ICCR/ ASS) | SPAP, MG University |
| 2 | Mr. Ravneel Prakash Mani | Fiji | ravneel_mani@yahoo.com | B.Sc. (Comp. Sc.) (GCSS) | UCAS, Pullarikunnu |
| 3 | Ms. Ni Luh Hindy Citra Satyawati Ingges | Indonesia | indymeindy@gmail.com | B.A. Economics (GCSS) | K.E. College, Mannanam |
| 4 | Mr. Adoum Idriss Adoum | Chad | idrisspr@gmail.com | M.A. Politics and International Relations (ASS) | SIRP, MG University |
| 5 | Mr. Hay Sambo | Cambodia | sambo.hs@gmail.com | M.Sc. (Comp. Sc.) (Mekon Ganga Scholarship Scheme) | SCS, M.G. University |
| 6 | Mr. You Vanndy | Cambodia | you.vanndy@gmail.com | M.Sc. (Comp. Sc.) (Mekon Ganga Scholarship Scheme) | SCS, M.G. University |
| 7 | Ms. Elleb Twamanguluka Nghikembua | Namibia | bona9058@yahoo.com | M.Sc. Psychology (ASS) | SBS, M.G. University |
| 8 | Mr. Feyisa Rita Melaku | Ethiopia | ritamel@yahoo.com | Ph.D. in Social Work (ASS) | SGTDS, MG University |
| 9 | Ms. Camille Nelly Madeleine | France | | M.A. Politics and International Relations (MoU) | SIRP, MG University |
| 10 | Mr. William Emilien | France | | M.A. Politics and International Relations (MoU) | SIRP, MG University |

Sd/-
**DIRECTOR**

സെക്ഷൻ ഓഫീസർ

**List of Foreign Students Currently Studying/ Admitted to Mahatma Gandhi University through the ICCR Sponsored Cultural Exchange Schemes / Exchange Scholars / MoU/Self-Financing Scheme during 2016-207**

| Sl. No. | Name of the Student | Country | Course and scheme | School/Centre |
|---|---|---|---|---|
| | | 20[illegible] - 2016 | | |
| 1 | Ms. Nwebuowu Amarachi Augusta | Nigeria | M.A International Relations | SIRP, MG University |
| 2 | Mr. Maylak Aldrine Kimtai | Kenya | M.A. Economics | K.N. Raj Centre, M.G University |
| 3 | Ms. Sushma Khaiju | Nepal | M.Sc (Disability Studies and Rehabilitation Science) | School of Behavioural Sciences, M.G University |
| 4 | Ms. Kyeribo Nyangara Knight | Kenya | M.Sc. Computer Science, | SCS, M.G. University |

Sd/-
Director